പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2504 | 14.12.2015- ൽ മറുപടി<br>നല്കേണ്ടത്. |

## ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ഡോ.ടി.എം.തോമസ് ഐസക്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കറിപ്പൊടികളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് തുടർച്ച ഇല്ലാതായതിന്റെ കാരണം എന്തായിരുന്നു; | എ) | സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ ലാബുകളിൽ കറിപൗഡറുകളിലെ മായം കണ്ടെത്തുന്നതിനുള്ള പരിശോധനയ്ക്ക് ലഭ്യമായിട്ടുള്ള എല്ലാ സാമ്പിളുകളും കൃത്യമായി പരിശോധന നടത്തിയിട്ടുണ്ട്. |
| ബി) | സംസ്ഥാനത്ത് എത്ര ബ്രാൻഡുകളിലായി കറിപ്പൊടികൾ വിറ്റഴിക്കപ്പെടുന്നുണ്ട്; ഇവയിൽ ഏതെല്ലാം ബ്രാൻഡുകളിലുള്ള കറിപ്പൊടികളാണ് ഈ വർഷം പരിശോധിച്ചിട്ടുള്ളത്; വൻതോതിൽ വിറ്റഴിക്കപ്പെടുന്ന മറ്റ് ബ്രാൻഡുകളിലെ കറിപ്പൊടികൾ പരിശോധനയ്ക്ക് വിധേയമാക്കാതിരുന്നതിന്റെ കാരണം എന്തായിരുന്നു; | ബി) | സംസ്ഥാനത്ത് വൻതോതിൽ വിറ്റഴിക്കപ്പെടുന്ന എല്ലാ പ്രമുഖ ബ്രാൻഡുകളിലേയും കറിപൗഡറുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഈസ്റ്റേൺ, നിറപറ, കിച്ചൻ ട്രഷേഴ്സ് , പ്രീയം,ഡബിൾഹോഴ്സ് പുലരി, സാറാസ്, ബ്രാഹ്മിൻസ് , മേളം, കൗള, മാസ്റ്റർകക്ക്, എൻ. എസ്, എൽ .ഒ-35, പി.എം.പി, ക്വാളിറ്റി , പൊന്നൂസ്, ഭാഗിനി നികേതൻ, മിസ്റ്റർഷെഫ് കിച്ചൻ മാജിക് , എന്നീ ബ്രാൻഡുകളുടെ കറിപൗഡറുകൾ ഈ വർഷം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. വിവിധ ബ്രാൻഡുകളിലായി സംസ്ഥാനത്ത് വിപണിയിലുള്ള കറിപൗഡറുകളുടെ കൃത്യമായ വിവരം |

| | | | |
|---|---|---|---|
| | | | ശേഖരിച്ചുവരുന്നു. |
| സി) | തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് കഴിയുന്നതുവരെ ഭക്ഷ്യ പരിശോധനയ്ക്ക് വിലക്ക് ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് അനൗദ്യോഗികമായി നിർദ്ദേശം നൽകുകയുണ്ടായോ; എങ്കിൽ കാരണം വെളിപ്പെടുത്താമോ? | സി) | നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ